# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1561

02.07.2015 ൽ മറുപടിയ്ക്ക്

## വിലസ്ഥിരതാ ഫണ്ടിൽ നിന്നും റബ്ബർ സംഭരണത്തിനായി തുക

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) കേന്ദ്ര വിലസ്ഥിരതാ ഫണ്ടിൽ നിന്നും റബ്ബർ സംഭരണത്തിനായി തുക ലഭിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിലേക്ക് നിവേദനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

(എ) കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽ നിന്നും റബ്ബർ സംഭരണത്തിനായി തുക ലഭിച്ചിട്ടില്ല.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമായതിനാൽ, സംസ്ഥാന സർക്കാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേന്ദ്രസർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിൽ, സ്വാഭാവിക റബ്ബറിന് വില സ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന ആവശ്യം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള മറുപടിയിൽ, റബ്ബർ ഉൾപ്പെടെ എല്ലാ ഉല്പന്നങ്ങൾക്കും വില സ്ഥിരത ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ